പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *147** **11.02.2013 ൽ മറുപടിയ്ക്ക്**

**വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശത്തെ സംബന്ധിച്ച് കൃഷി വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>ഇടവപ്പാതിയുടെ അഭാവം മൂലം ജൂൺ മുതൽ സെപ്റ്റംബർ വരെയുണ്ടായ വരൾച്ചയിൽ 2489.56 കോടി രൂപയുടെയും തുലാവർഷത്തിന്റെ കുറവ് മൂലം ഒക്ടോബർ, നവംബർ മാസങ്ങളിൽ 730.22 കോടി രൂപയുടെയും ഉൾപ്പെടെ 2012-13 ൽ ആകെ 3219.78 കോടി രൂപയുടെ നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന വിളകളായ നെല്ല്, വാഴ, കുരുമുളക്, പച്ചക്കറികൾ, മരച്ചീനി, തെങ്ങ്, റബ്ബർ, ജാതി, ഏലം, കരിമ്പ്, കാപ്പി, കമുക്, നിലക്കടല എന്നിവയെ വരൾച്ച പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) കൃഷി നാശം സംസ്ഥാനത്തിന്റെ കാർഷികോല്പാദനത്തെ എത്തരത്തിൽ ബാധിച്ചിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) കൃഷിനാശം സംസ്ഥാനത്തിന്റെ കാർഷികോല്പാദനത്തെ ഗണ്യമായ അളവിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br>ഹ്രസ്വകാലവിളകൾക്ക് 30% മുതൽ 50% വരെയും ദീർഘകാലവിളകൾക്ക് 25 ശതമാനത്തോളവും വിളവ് കുറയാൻ സാധ്യതയുണ്ട്.<br>മുണ്ടകൻ, പുഞ്ച സീസണിലെ നെൽകൃഷിയുടെ വിസ്തൃതി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മുൻ വർഷങ്ങളിൽ 49,408 ഹെക്ടറോളം കൃഷി ചെയ്തിരുന്ന രണ്ടാം വിള നെൽകൃഷി വെള്ളത്തിന്റെ കുറവ് മൂലം 4144 ഹെക്ടർ സ്ഥലത്ത് ഒഴിവാക്കിയിരുന്നു. അതിൽത്തന്നെ 6412 ഹെക്ടറോളം ഉണങ്ങിനശിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കഴിഞ്ഞ വർഷം 26862 ഹെക്ടറിൽ ചെയ്ത പുഞ്ച നെൽകൃഷി ഈ വർഷം 24363 ഹെക്ടറിൽ |

| | | | |
|---|---|---|---|
| | | | മാത്രമാണ് ചെയ്തിട്ടുള്ളത്<br>ഇടുക്കി ജില്ലയിൽ ഒന്നാം വിളയിൽ കഴിഞ്ഞ വർഷത്തേക്കാൾ 247 ഹെക്ടറും രണ്ടാം വിളയിൽ 487 ഹെക്ടറും ചേർത്ത് ആകെ 734 ഹെക്ടറിന്റെ കുറവുണ്ടായിട്ടുണ്ട്. ശീതകാല പച്ചക്കറിക്കൃഷിയിൽ 490 ഹെക്ടറിന്റെ കുറവുണ്ടായിട്ടുണ്ട്. |
| (സി) | ഉല്പന്നത്തിന്റെ വിലയിടിവും വർദ്ധിച്ച കൃഷി ചെലവും കാരണം ദുരിതത്തിലായ കർഷകർക്ക് കൃഷിനാശം മൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. 11.06.12 ലെ ജി.ഒ(എം.എസ്.) നം.239/2012/ ഡിഎംഡി ഉത്തരവ് പ്രകാരം വരൾച്ച ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് പുതുക്കിയ നിരക്കിൽ ധനസഹായം നല്കുന്നുണ്ട്. ആയതിനുള്ള ക്ലെയിമുകൾ സമർപ്പിക്കാൻ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | വരൾച്ച രൂക്ഷമായ പ്രദേശങ്ങളെ പ്രത്യേക ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ച് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | വരൾച്ചയുടെ രൂക്ഷതയുടെ അടിസ്ഥാനത്തിൽ പ്രദേശങ്ങളെ പ്രത്യേകം പഠിച്ച് ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിച്ച് പ്രത്യേത പരിഗണന നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |
| (ഇ) | വെള്ളം ലഭിക്കാത്തതുമൂലം കൃഷി ഇറക്കാൻ കഴിയാതെ പോയ സ്ഥലങ്ങളുടെയും ഇറക്കിയ കൃഷി കരിഞ്ഞുപോയ സ്ഥലങ്ങളുടെയും സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാണോ; വിശദമാക്കുമോ? | (ഇ) | തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, വർക്കല, ആറ്റിങ്ങൽ എന്നീ മേഖലയിലാണ് ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെട്ടത്. 2012 വിരിപ്പ് കൃഷിയിൽ തിരുവനന്തപുരം ജില്ലയിൽ 904 ഹെക്ടറിലെ 50 ശതമാനത്തോളം നശിച്ചുപോയിട്ടുണ്ട്. 9.6 ഹെക്ടറിൽ വെള്ളം ലഭിക്കാത്തത് കാരണം നഴ്സറി ഇടാൻ കഴിഞ്ഞിട്ടില്ല. ജില്ലയിൽ 2012 വിരിപ്പ് കൃഷിയിൽ 80.8 ഹെക്ടറും 2012-13 മുണ്ടകൻ കൃഷിയിൽ 25.7 ഹെക്ടറും നെല്ല് നഴ്സറി പറിച്ചുനടാൻ കഴിയാതെ ഉണങ്ങിപ്പോയിട്ടുണ്ട്. 2012-13 മുണ്ടകൻ കൃഷിയിൽ പറിച്ചുനട്ട 216 ഹെക്ടർ നെല്പാടവും ഉണങ്ങിപ്പോയിട്ടുണ്ട്.<br>കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല, അഞ്ചൽ, ചടയമംഗലം, പുനലൂർ, ചാത്തന്നൂർ ബ്ലോക്ക് പ്രദേശങ്ങളിൽ വെള്ളം ലഭിക്കാത്തത് മൂലം കൃഷിയിറക്കിയിട്ടില്ല. ജില്ലയിൽ വിരിപ്പുകൃഷിയിൽ 5.11 ഹെക്ടറും മുണ്ടകൻ സീസണിൽ 1245 ഹെക്ടറും 50 ശതമാനത്തിൽ അധികം നശിച്ചിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിൽ വെള്ളം ലഭിക്കാത്തത് മൂലം 2000 ഹെക്ടറിൽ കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. 701 ഹെക്ടറിലെ കൃഷി 50 ശതമാനത്തോളവും 266 ഹെക്ടറിലെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. |

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്കിൽ 75 ഹെക്ടറിലും പന്തളം ബ്ലോക്കിൽ 200 ഹെക്ടറിലും കോന്നി ബ്ലോക്കിൽ 3 ഹെക്ടറിലും മഴയുടെ ലഭ്യതക്കുറവ് മൂലം കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല.

തൃശ്ശൂർ ജില്ലയിൽ 330 ഹെക്ടർ നെൽക്കൃഷി കരിഞ്ഞുപോയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ രണ്ടാംവിള നെൽകൃഷി വെള്ളത്തിന്റെ ലഭ്യതക്കുറവ് മൂലം 4144 ഹെക്ടർ ഒഴിവാക്കി 45,265 ഹെക്ടറിൽ ചെയ്തതിൽ 6412 ഹെക്ടറോളം ഉണങ്ങി നശിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ കൃഷിനാശം സംഭവിച്ച 11308 ഹെക്ടറിൽ 9 ഹെക്ടർ കരിഞ്ഞുപോയിട്ടുണ്ട്. നെൽകൃഷി പുഞ്ച മുൻവർഷം 3748 ഹെക്ടർ ആയിരുന്നത് ഈ വർഷം 3058 ഹെക്ടർ മാത്രമേയുള്ളൂ.

**സെക്ഷൻ ഓഫീസർ**